# ഉംറയുടെ രൂപം

[ Malayalam]

# صفة العمرة

[ باللغة مليالم ]


**അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി**

عبد اللطيف السلّمي مارنجيري


Editor: അബ്ദുൽ റസാഖ് സ്വലാഹി

مراجعة: عبدالرزاق صلاحي


കോപെറേറ്റിവ് ഓഫീസ് ഫോർ കാൾ ആൻഡ് ഗൈഡൻസ് - റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

islamhouse.com

1428 – 2007

**അ**ല്ലാഹുവിന്നു വേണ്ടി മനുഷ്യർ നിർവ്വഹിക്കുന്നതിന്നായി കൽപ്പിക്കപ്പെട്ട മഹത്തായ ആരാധനകളിലൊന്നാണ് ഉംറ: ഇത് അല്ലാഹുവിനെ ആരാധിക്കുന്നതിനായി ഭൂമിയിൽ സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ മന്ദിരമെന്ന് ഖുർആൻ വിശേഷിപ്പിച്ച കഅബയും പരിസരവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട താണ്. ഇതിന് ഹജ്ജ് കർമ്മത്തെപ്പോലെ കാലവും സമയവുമായി ബന്ധമൊ ന്നുമില്ല ഏത് കാലത്തും എപ്പോൾ വേണമെങ്കിലും നിർവ്വഹിക്കാവുന്നതാണ്.

ഉംറ ഒരു മുസ്ലിമിന് ജീവിതത്തിൽ ഒരിക്കൽ മാത്രമാണ് നിർബന്ധമുള്ളത്. അല്ലാഹു പറയുന്നു,''നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും നിർവ്വഹിക്കുക'' (സൂറ: ബഖറ: 196). എന്നാൽ കഴിയുമെങ്കിൽ കൂടുതൽ നിർവ്വ ഹിക്കൽ സുന്നത്താണ്. നബി(സ) പറയുന്നു: ''ഒരു ഉംറ ചെയ്തു പിന്നീട് ഒന്നു കൂടി നിർവഹിച്ചാൽ അത് അവക്കിടയിലുള്ള പാപങ്ങൾക്കുള്ള പരിഹാര മാണ്' (ഹദീസ് മുസ്ലിം)

**(എന്നാൽ ഒരിക്കൽ ഉംറ നിർവ്വഹിച്ച് അപ്പോൾതന്നെ വീണ്ടും മീഖാത്തിൽ പോയി ഇഹ്റാമിൽ പ്രവേശിച്ച് അതേ യാത്രയിൽ തന്നെ ഒന്നിലധികം തവണ ഉംറ ചെയ്യുന്ന പ്രവണത ചിലരിൽ കാണാറുണ്ട്; അതല്ല മേൽ പറഞ്ഞ ഹദീസുകൊണ്ടുള്ള ഉദ്ദേശ്യം. അത്തരത്തിൽ ഒരേ യാത്രയിൽ ഒന്നിലധികം ഉംറ നിർവ്വഹിക്കുന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല. മുഹമ്മദ് നബി(സ) തൻെറ ഹജ്ജ് വേളയിൽ ആഴ്ചകളോളം മക്കയിൽ താമസിച്ചിട്ടുകൂടി പ്രസ്തുത യാത്രയിൽ ഒന്നിലധികം ഉംറ നിർവ്വഹിച്ചിട്ടില്ല എന്നകാര്യം നാം പ്രത്യേകം മനസ്സിലാക്കിയിരിക്കേണ്ടതാണ്.**
**ഉംറയുടെ റുക്നുകൾ: ഇഹ്റാം, ത്വവാഫ്, സഅ്യ് എന്നിവയാണ് ഉംറയുടെ റുക്നുകൾ; ഇവയിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടുപോയാൽ ഉംറ നിഷ്ഫലമായിത്തീരുന്നതാണണ്.**

## ഉംറയുടെ വാജിബാത്തുകൾ

**ഹജ്ജും ഉംറയും നിർവ്വഹിക്കുന്നവർക്ക് ഇഹ്റാമിൽ പ്രവേശിക്കുന്നതിന്ന് വേണ്ടി നിർണ്ണയിക്കപ്പെട്ട മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ, മുടി കളയൽ/വെട്ടൽ എന്നിവയാണ് ഉംറയുടെ വാജിബാത്തുകൾ ഇവയിലൊന്ന് നഷ്ടപ്പെട്ടാൽ മൃഗബലി നടത്തേണ്ടതാണ്.**
**ഇഹ്റാം: ഹജ്ജിൻെറയും ഉംറയുടേയും കർമങ്ങളിൽ പ്രവേശിക്കുന്നതി നാണ് ഇഹ്റാം എന്ന് പറയുന്നത്. ഇഹ്റാമിന് മുമ്പായി നഖം മുറിക്കുക, കക്ഷം ഗുഹ്യഭാഗം എന്നിടങ്ങളിലെ രോമം നീക്കുക, മീശവെട്ടുക എന്നിവ ചെയ്തിരിക്കൽ ഉത്തമമാണ്. ഇവയെല്ലാം മീഖാത്തിലെ ത്തുന്നതിന്ന് മുമ്പ് തന്നെ ചെയ്തിരിക്കലാണ് അഭികാമ്യം.**

**മീഖാത്തിലെത്തിയാൽ ഉംറക്കായി കുളിക്കലും ശരീരത്തിൽ സുഗന്ധം ഉപയോ**ഗിക്കലും സുന്നത്താണ്. പിന്നീട് പുരുഷൻമാർ ഒരു തുണിയും മേൽമുണ്ടും മാത്രവും (അടിവസ്ത്രങ്ങൾ, സോക്സ് എന്നിവ ധരിക്കുവാനോ, തലമറക്കുവാനോ പാടുള്ളതല്ല) സ്ത്രീകൾ മുഖവും മുൻകയ്യുമൊഴിച്ച് ശരീരം മുഴുവനും മറയുന്ന വസ്ത്രവുമാണ് ധരിക്കേണ്ടത്. ഇത് ഉംറക്കോ നമസ്കാരത്തിനോ മാത്രമായുള്ള വസ്ത്രരീതിയല്ല. അന്യരുടെ മുന്നിൽ സ്ത്രീകളുടെ മുൻകയ്യും മുഖവുമൊഴിച്ചുള്ള ഭാഗങ്ങൾ എല്ലായ്പ്പോഴും മറച്ചിരിക്കേണ്ട താണ്.
പുരുഷന്മാർ തങ്ങളുടെ ഇഹ്റാമിൻെറ വസ്ത്രത്തിൽപെട്ട മേൽമുണ്ട് ത്വവാഫിൻെറ സമയമല്ലാത്തപ്പോഴെല്ലാം രണ്ടററം മാറിലേക്ക് വരത്തക്കവണ്ണം പുതക്കുകയാണ് വേണ്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർന്ന്

ഏതെങ്കിലും നമസ്കാരസമയമാണെങ്കിൽ നമസ്കരിച്ച ശേഷം **''ലബ്ബൈകല്ലാ ഹുമ്മ ഉംറതൻ''** എന്ന് പറയുക. ഇതോടെ ഉംറയിൽ പ്രവേശിച്ച് കഴിഞ്ഞു.
(ഹജ്ജിന്നും ഉംറക്കും മാത്രമേ നിയ്യത്ത് പറയേണ്ടതുള്ളൂ മററുകർമ്മങ്ങൾ ക്ക് നിയ്യത്ത് പറയൽ സുന്നത്തു പോലുമില്ല, പറയൽ നബിചര്യക്ക് വിരുദ്ധമാണ്.

നിയ്യത്ത് എന്നാൽ കരുതുക എന്നതാണ്; അതിനുള്ള സ്ഥാനം മനസ്സുമാണ്). ഇനി ത്വവാഫ് തുടങ്ങുന്നത്വരെ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കണം.

## തൽബിയത്തിൻെറ രൂപം

(لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ)

**ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക് ലബ്ബൈക്ക ലാ ശരീക്ക ലക ലബ്ബൈക്ക് ഇന്നൽ ഹംദ വന്നിഅ്മത്ത ലകവൽ മുൽക്ക് ലാ ശരീക ലക്.**

(അല്ലാഹുവേ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു, യാതൊരു പങ്കു കാരനുമില്ലാത്ത നിൻെറ വിളിക്കിതാ ഞാനുത്തരംചെയ്തു വന്നെത്തിയിരിക്കുന്നു സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്ക് തന്നെ, നിനക്കാരും പങ്കാരായില്ല).

ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ ഹറമിലെത്തുന്നത് വരെ ഇത് ചൊല്ലിക്കൊണ്ടിരിക്കണം.

**ത്വവാഫ്** : മസ്ജിദുൽ ഹറമിൽ, മററു പള്ളികളിൽ പ്രവേശിക്കുന്നത് പോലെ വലതു കാൽ വെച്ച് താഴെ പറയുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടായിരിക്കണം പ്രവേശിക്കേണ്ടത്.

بسم الله والصلاة والسلام على رسول الله     اللهم افتح لى أبواب رحمتك

**ബിസ്മില്ലാഹി വസ്സലാത്തു വസ്സലാമു അലാ റസൂലില്ലാഹ് അല്ലാഹുമ്മ ഫ്തഹ് ലീ അബ്വാബ റഹ്മത്തിക്ക**

(അല്ലാഹുവിൻെറ നാമത്തിൽ അല്ലാഹു വിൻെറദൂതരിൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ, അല്ലാഹുവേ നിൻെറ കാരുണ്യത്തിൻെറ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ)

പിന്നീട് നേരെ **ഹജറുൽഅസ്വദി**ൻെറ അടുത്തേക്ക് എത്തുക, അവിടം മുതൽ ക്കാണ് ത്വവാഫ് ആരംഭിക്കേണ്ടത്. കഴി യുമെങ്കിൽ അതിനെ ചുംബിക്കുക ഇല്ല ങ്കിൽ തൊട്ടുമുത്തുകയോ ആംഗ്യം കാ ണിക്കുകയോ ചെയ്യുക. ആംഗ്യം കാണി ച്ചാൽ കൈ ചുംബിക്കേണ്ടതില്ല. അന്നേ രം ഇങ്ങനെ പ്രാർത്ഥിക്കണം;

بسم الله والله أكبر     **ബിസ്മില്ലാഹി വല്ലാഹു അക്ബർ**

(അല്ലാഹുവിൻെറ നാമത്തിൽ അല്ലാഹു ഏററവും വലിയവനാണ്. പിന്നീട് കഅ്ബയെ തൻെറ ഇടതു വശത്താക്കി ത്വവാഫ് ആരംഭിക്കുക, ത്വവാഫിൽ പുരുഷന്മാർ മുണ്ടിൻെറ മദ്ധ്യഭാഗം വലതു കക്ഷത്തിലൂടെയെടുത്ത് രണ്ടററം ഇടതു ചുമലിൽ കെട്ടിവെക്കുകയും, ആദ്യത്തെ മൂന്ന് ചുററൽ ധൃതിയിൽ നടക്കുകയും വേണം. (മുണ്ട് മേൽപറഞ്ഞ ക്രമത്തിൽ ധരിക്കുന്നതിന് **ഇൾത്വിബാഅ്** എന്നും, ധൃതിയിലുള്ള നടത്തത്തിന്ന് **റമൽ** എന്നുമാണ് പറയുക; ഇത് രണ്ടും സ്ത്രീകൾക്ക് വേണ്ടതില്ല). ഹജറുൽ അസ്വദ് മുതൽ തുടങ്ങി വീണ്ടും ഹജറുൽ അസ്വദിനടുത്ത് എത്തിയാൽ ഒരു ത്വവാഫായി. ഇങ്ങനെ ഏഴ്തവണ ത്വവാഫ് ചെയ്യണം. ഹജറുൽഅസ്വദിന് തൊട്ടുമുമ്പുള്ള മൂലക്ക് **റുക്നുൽയമാനി** എന്ന് പറയും ഇവിടെ എത്തിയാൽ കഴിയുമെങ്കിൽ കൈകൊണ്ട്തൊടുക മാത്രം ചെയ്യുക. **ഇവിടെ ഒന്നും പറയേണ്ടതില്ല**. ഈ മൂലയിൽ ചുംബിക്കുകയോ തൊട്ടുമുത്തുകയോ ആംഗ്യം കാണിക്കുകയോ ഒന്നും ചെയ്യേണ്ടതില്ല. **റുക്നുൽയമാനി മുതൽ ഹജറുൽഅസ്വദ് വരെ**

رَبَّنَـــا آتِنَـــا فِى الدُّنْيَا حَسَنَــــــةَ وَفِي الآخِرَة حَسَنَةَ وَ قِنَا عَذَابَ النَّارْ

**റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്ത ൻ വ ഖിനാ അദാബന്നാർ**

(ഞങ്ങളുടെ നാഥാ ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ നൽകുകയും നരകശിക്ഷയിൽ നിന്നും ഞങ്ങളെ കാത്ത് രക്ഷിക്കുകയും ചെയ്യേണമേ) എ ന്ന് പ്രാർത്ഥിക്കുക.

മററു സമയങ്ങളിൽ ഏത് പ്രാർത്ഥനകളും ദിക്റുകളും ആകാവുന്നതാണ്. ഓ രോ ചുററലിലും പ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ പറയപ്പെടുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. നമുക്ക് ഇഷ്ടമുള്ളത് നമ്മുടെ ഭാഷയിൽ പ്രാർത്ഥിക്കുക.

ത്വവാഫ് പൂർത്തിയായിക്കഴിഞ്ഞാൽ തൻെറ മുണ്ട് കക്ഷത്തിൽ നിന്ന് മാററി തല മറയാത്തവിധം പുതക്കുക.

(ത്വവാഫുചെയ്യുമ്പോൾ കഅബയുടെ വടക്കുഭാഗത്തായുള്ള അർദ്ധവൃത്താ കൃതിയിലുള്ള ഭാഗമായ **ഹിജ്റ് ഇസ്മാഈലിൻെറ** പുറത്തു കൂടിയായിരി ക്കണം ത്വവാഫ് ചെയ്യേണ്ടത് കാരണം അതും കഅബയിൽ ഉൾപ്പെട്ട ഭാഗമാ ണ്. ത്വവാഫിന്നിടയിൽ എത്ര തവണ നിർവ്വഹിച്ചു എന്ന എണ്ണത്തിൽ സംശയമുണ്ടായാൽ ഉറപ്പു ള്ളതായ എണ്ണത്തെ അവലംബിച്ച് ബാക്കി എണ്ണം പൂർത്തിയാക്കേണ്ടതാണ്. ത്വവാഫ് ചെയ്യുമ്പോൾ വുദു വുണ്ടായിരിക്ക ണ മെന്നതും അിറഞ്ഞിരിക്കേണ്ടതാണ്. ത്വവാഫിന്നിടയിൽ വുദു നഷ്ടപ്പെട്ടാൽ വീണ്ടും വുദുവുണ്ടാക്കി ആദ്യഎണ്ണ ത്തെ പരിഗണിച്ചു ബാക്കി പൂർത്തിയാ ക്കാവുന്നതാണ്).

ശേഷം **മഖാമ് ഇബ്റാഹീമി**ൻെറ പി ന്നിൽനിന്ന് കഅബക്ക്നേരെ തിരിഞ്ഞ് രണ്ട് റക്അത്ത് നമസ്കരിക്കണം ആദ്യറക് അത്തിൽ ഫാതിഹക്ക്ശേഷം സൂറത്തു ൽ കാഫിറൂനയും (ഖുൽയാ അയ്യുഹൽ കാഫിറൂൻ) രണ്ടാം റക്അത്തിൽ സൂറത്തുൽ ഇഖ്ലാസു (ഖുൽഹുവല്ലാഹു അഹദ്) മായിരിക്കണം ഓതേണ്ടത്. പിന്നെ **സംസം** കുടിച്ചശേഷം സഅ്യ് നി ർവ്വഹിക്കാം.

സഅ്യ്: സ്വഫയിൽ നിന്നായിരിക്കണം തുടങ്ങേണ്ടത്. സ്വഫയോടടുത്ത് എത്തു മ്പോൾ (البقرة 158) إنّ الصفا والمروة من شعائر الله

**ഇന്നസ്വഫാ വൽ മർവത്ത മിൻ ശആഇരില്ലാ (തീർച്ചയായും സ്വഫയും മർവയും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽ പെട്ടതാണ്) (ബഖറ:158) എന്ന ആയത്ത് ഓതി സ്വഫയിൽകയറി കഅബക്ക്നേരെ തിരിഞ്ഞ് കൈകളുയർത്തി ഇനി പറയുന്നത് പ്രാർതികുക**

**لاإله إلاالله والله أكبرلاإله إلا الله وحده لاشريك له له الملك وله الحمد يحيى ويميت وهو على كـل شيء قدير لا إله إلا الله وحده أنجز وعده و نصرعبده وهزم الأحزاب وحده**

**ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലിശൈഇൻ ഖദീർ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു അൻജസ വഅ്ദ ഹു വനസ്വറ അബ്ദഹു വഹസമൽ അഹ്സാബ വഹ്ദഹു**

(അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല, അല്ലാഹു ഏററവും ഉന്നതനാണ്, അല്ലാഹുവല്ലാതെ ആരാധ്യനില്ല, അവന് പങ്കാരാരുമില്ല, രാജാധിപത്യം അവനുള്ളതാണ്, സ്തുതിയും അവനുതന്നെ, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു; അ വൻ സർവ്വശക്തനാണ്, അല്ലാഹുവല്ലാതെ ആരാധ്യനില്ല അവൻ ഏകനാണ് അവൻ വാഗ്ദത്തം പൂർത്തിയാക്കി, തൻെറ ദാസനെ സഹായിച്ചു, ശത്രുസേനകളെ അവനൊററക്ക് പരാജയപ്പെടുത്തി.)

ഇത്മൂന്ന് പ്രാവശ്യം ആവർത്തിക്കുക, പിന്നീട് തനിക്കാവശ്യമുള്ള ഇഹപരമായ ഏത് ആവശ്യങ്ങളും തനിക്ക് അറിയുന്ന ഭാഷയിൽ പ്രാർത്ഥിക്കാ വുന്നതാണ്. പിന്നീട് മർവയിലേക്ക് നടക്കുക; പച്ച നിറംകൊണ്ട് അടയാളമിട്ട സ്ഥലത്ത് പുരുഷൻമാർ വളരെവേഗത്തിൽ നടക്കണം (സ്ത്രീകൾക്കിത് ബാധകമല്ല) മർവയിൽ എത്തിയാൽ സ്വഫയിലേത് പോലെ പ്രാർത്ഥിക്കുക, മർവയിലെത്തിയാൽ ഒന്ന് തിരിച്ചുള്ളനടത്തം രണ്ട് എന്നിങ്ങനെ ഏഴ് നടത്തം പൂർത്തിയാക്കുക. നടത്തത്തിലും പ്രാർത്ഥനകളും ദിക്റുകളും അധികരിപ്പി ക്കേണ്ടതാണ്. ത്വവാഫിൽ പറഞ്ഞപോലെത്തന്നെ പ്രത്യേക പ്രാർത്ഥനകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. നമുക്ക് ഇഷ്ടമുള്ളത് പ്രാർത്ഥിക്കാനായി നീക്കി വെക്കപ്പെട്ടതായ ഇത്തരം അവസരങ്ങളിൽ, വല്ലവരും അവരുടെ ഇഷ്ടത്തിന് അറബിയിൽ എഴുതിയുണ്ടാക്കിയത് മനപ്പാഠമാക്കിയോ അല്ലാതെയോ ഉരുവിടു ന്നതിനേക്കാൾ നമുക്ക് നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും അല്ലാഹുവിൻെറ മുന്നിൽ ബോധിപ്പിക്കാൻ കൈവന്ന അവസരം നഷ്ടപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സഅ്യ് പൂർത്തിയായാൽ പിന്നെ മുടി കളയുകയോ വെട്ടുകയോ ചെയ്ത് ഇഹ്റാമിൽനിന്ന് ഒഴിവാകാവുന്നതാണ്.(പുരുഷന്മാർ മുടികളയലാണ് ഉത്തമം;

വെട്ടുകയാണങ്കിൽ തലയുടെ എല്ലാ ഭാഗത്ത് നിന്നും മുടി വെട്ടേണ്ടതാണ്. അല്ലാതെ രണ്ടോ മൂന്നോ മുടിയുടെ അററം മാത്രം വെട്ടുന്ന രീതി പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. സ്ത്രീകൾ ഏതാനും വിരൽതുമ്പ് നീളത്തിൽ മുടിയുടെ അററം വെട്ടിയാൽ മതി). ഇതോടെ ഉംറ പൂർത്തിയായി.

## മദീനാസന്ദർശനം:

മദീനാ സന്ദർശനം ഹജ്ജിൻേറയോഉംറ യുടേയോ ഭാഗമല്ല എന്നാണ് ഒന്നാ മതായി അറിഞ്ഞിരിക്കേണ്ടത്. മദീനാ പള്ളിയിൽ (മസ്ജിദുന്നബവിയിൽ)വെച്ചുള്ള നമസ്കാരം മസ്ജിദുൽ ഹറമല്ലാത്ത മററു പള്ളികളിൽ വെച്ചുള്ള നമസ്കാരത്തേക്കാൾ ആയിരമിരട്ടി പ്രതിഫലാർഹമാണ് (നബിവചനം).

പ്രസ്തുത പുണ്യമാഗ്രഹിച്ചു മദീനയിൽ പോകാവുന്നതാണ്. മദീനയിലെത്തുന്ന പുരുഷന്മാർക്ക് നബി(സ)യുടേയും അബൂബക്കർ, ഉമർ(റ) എന്നിവരുടേയും ഖബറുകൾ സന്ദർശിക്കലും അവർക്ക് അല്ലാഹുവിൻെറ രക്ഷയുണ്ടാകട്ടെ എന്ന് സലാം പറയലും സുന്നത്താണ്.

നബിയുടെ വീടിൻേറയും (ഇപ്പോൾ ഖബർ സ്ഥിതിചെയ്യുന്നസ്ഥലം) മിമ്പറി ൻേറയുമിടക്കുള്ള സ്ഥലത്തെ **റൗള** എന്നാണ് നബി(സ) വിശേഷിപ്പിച്ചിട്ടു ള്ളത്. (ഖബറിന്നല്ല റൗള എന്നുപറയുക). ''എൻെറ വീടിൻേറയും മിമ്പറിൻേറയുമിടക്കുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളിലെ ഒരു തോപ്പാണ്''(ബുഖാരി). കഴിയുമെങ്കിൽ തഹിയ്യത്ത് നമസ്കാരങ്ങൾ പോലുള്ളവ അവിടെ വെച്ച് നമസ്കരിക്കുന്നത് പുണ്യകരമാണ്. എന്നാൽ ഫറദ് നമസ്കാരങ്ങൾക്ക് ഒന്നാ മത്തെ സ്വഫ്ഫ് തന്നെയാണുത്തമം.

അതുപോലെ മദീനക്കടുത്തുള്ള, നബി(സ) മദീനയിലെത്തി ആദ്യമായി നിർമ്മിച്ചപള്ളിയായ **മസ്ജിദുൽ ഖുബാഇ**ൽ വെച്ചുള്ള നമസ്കാരത്തിന്ന് ഉംറയുടെ പ്രതിഫലമാണുള്ളത് (ഇബ്നുമാജ: അൽബാനിയുടെ സ്വഹീഹുൽ ജാമിഅ്: 6154).

എന്നാൽ തങ്ങൾ നിർവ്വഹിക്കുന്ന മുഴുവൻ സൽക്കർമ്മങ്ങളേയും നിഷ്ഫലമാക്കിക്കളയുന്ന വിശ്വാസങ്ങളും കർമ്മങ്ങളുമാണ് അധികമാളുകൾ കൊണ്ടു നടക്കുന്നത്. അതിൽപെട്ടതാണ് പ്രവാചക(സ)യോടും മററു മഹാത്മാക്കളോടും സഹായം തേടുന്നതും പ്രാർത്ഥിക്കുന്നതും. യഥാർത്ഥത്തിൽ പ്രാർത്ഥനക്കർഹൻ അല്ലാഹു മാത്രമാണ്. എന്നതാണ് വിശുദ്ധ ഖുർആനും തിരുസുന്നത്തും നമുക്ക് പഠിപ്പിച്ചുതരുന്നത്. അത്കൊണ്ട് പ്രവാചകൻേറയും മററും ഖബർ സന്ദർശിക്കുമ്പോൾ മേൽപറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എത്ര ഉന്നതരായാലും അവർക്ക്വേണ്ടി നാം അങ്ങോട്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ് വേണ്ടത്. ഇങ്ങോട്ട്, നമുക്കാവശ്യമുള്ള കാര്യങ്ങൾ അല്ലാഹുവിനോട് നാം നേരിട്ട് ചോദിക്കുകയും ചെയ്യുക; ഇക്കാര്യം ജീവിതത്തിലെപ്പോഴും ഓർക്കേണ്ടതാണ്. മററു സ്ഥല ങ്ങളിലെ സന്ദർശനം സുന്നത്ത് എന്നനിലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലെങ്കിലും, വിദേശത്തുനിന്ന് എത്തുന്ന ഒരാൾക്ക് ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നതും ചരിത്രങ്ങളയവിറക്കുന്നതും നിഷിദ്ധമല്ല. എന്നാൽ കൂടുതൽ പുണ്യം ലഭിക്കാൻ കൈവന്ന സമയങ്ങളും സ്ഥലങ്ങളും നഷ്ടപ്പെടുത്തിയുള്ള സന്ദർശനങ്ങൾ കുറക്കുന്നതു തന്നെയാണുത്തമം.

ഹജ്ജ് ഉംറ പോലുള്ള കർമ്മങ്ങൾ ജീവിതത്തിൽ കൂടുതൽ പ്രാവശ്യം നിർവ്വഹിക്കാൻ അവസരം ലഭിക്കുന്നവർ വിരളമായിരിക്കും അതിനാൽ അബദ്ധങ്ങൾ സംഭവിക്കാതിരിക്കാൻ കഴിവതും ശ്രമിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

അല്ലാഹു അവനിഷ്ടപ്പെടുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും നമ്മെ അനുഗ്രഹിക്കട്ടെ. തെററാണെന്ന് മനസ്സിലായ കാര്യങ്ങൾ കയ്യൊഴിക്കാനുള്ള സന്മനസ്സും അവൻ നമുക്ക് ഏവർക്കും പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു മഖ്ബൂലും മബ്റൂറുമായ (സ്വീകാര്യവും പുണ്യകരവുമായ) നിലക്ക് ഹജ്ജും ഉംറയും നിർവ്വഹിക്കാൻ എല്ലാവർക്കും അനുഗ്രഹം നൽകുമാറാകട്ടെ. (ആമീൻ)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين